ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ കരുപ്പുകട്ടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നശിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കരുപ്പുകട്ടി നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട് ഏകദേശം 1882 പേർ ഉണ്ട്.

(ബി) കരുപ്പുകട്ടി നിർമ്മാണ വ്യവസായത്തെ സംരക്ഷിക്കുന്നതിനു വേണ്ടി ഖാദി ബോർഡിന്റെ സഹായത്താൽ സഹകരണ സംഘങ്ങളുടെ ഒരു ഫെഡറേഷൻ പാറശ്ശാല കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്നുണ്ട്. പ്രസ്തുത ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനും 'കെൽപാം' പ്രവർത്തിച്ചുവരുന്നു.

'സ്വരലയ' എന്ന സംഘടനയ്ക്ക് സാമ്പത്തിക സഹായം

22 (1363)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വരലയ' എന്ന സംഘടനയ്ക്ക് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സാമ്പത്തിക സഹായവും സ്പോൺസർഷിപ്പും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പ പലിശയിൽ ഇളവ്

23(1364)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പ തുക അടച്ച് തീർത്തിട്ട് പലിശ ഭീമമായി വർദ്ധിച്ച് ബാക്കിയായാൽ പ്രസ്തുത പലിശയിൽനിന്നും എന്തെങ്കിലും ഇളവ് നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly